# 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച വിഷയനിർണ്ണയ സമിതി റിപ്പോർട്ടും വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| വിഷയനിർണ്ണയ സമിതി റിപ്പോർട്ട് | .. | vii |
| വിയോജനക്കുറിപ്പ് | .. | ix |
| വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

## വിഷയനിർണ്ണയ സമിതി I

(കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)

(2013-2016)

### ഘടന

ചെയർമാൻ :

ശ്രീ. കെ. പി. മോഹനൻ,
കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

പ്രത്യേക ക്ഷണിതാവ് :

ശ്രീ. കെ. ബാബു,
മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ശ്രീമതി ജമീലാ പ്രകാശം

ശ്രീ. ജെയിംസ് മാത്യു

" ഇ. പി. ജയരാജൻ

" സി. പി. മുഹമ്മദ്

" സി. മോയിൻകുട്ടി

" എസ്. ശർമ്മ

" എം. വി. ശ്രേയാംസ് കുമാർ

" പി. തിലോത്തമൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി ജെ. മേരി ഗ്രേസി, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(വിഷയനിർണ്ണയ സമിതി റിപ്പോർട്ട്)

വിഷയനിർണ്ണയ സമിതി I (കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും)-ന്റെ പരിഗണനയ്ക്കായി അയച്ച 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ, സമിതി ഖണ്ഡം ഖണ്ഡമായി പരിഗണിച്ചതനുസരിച്ചുള്ള റിപ്പോർട്ടും, സമിതി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ 2013 ഡിസംബർ 26-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2014 ജനുവരി 20-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേദിവസംതന്നെ വിഷയനിർണ്ണയ സമിതിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. സമിതി 2014 ജനുവരി 21-ാം തീയതി യോഗം ചേർന്ന് ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു :

ഖണ്ഡം 1

(1)-ാം ഉപഖണ്ഡത്തിൽ '2013' എന്ന അക്കങ്ങൾക്കു പകരം '2014' എന്ന അക്കങ്ങൾ ചേർക്കേണ്ടതാണ്.

ഖണ്ഡം 2

മൂല്യനിയമത്തിന്റെ 8-ാം വകുപ്പ്, (4)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയ്ക്ക് ഉപഖണ്ഡം (iii) പ്രകാരം പകരം ചേർക്കുന്ന ക്ലിപ്തനിബന്ധന താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യേണ്ടതാണ്, അതായത്:—

"എന്നാൽ, അങ്ങനെ രൂപീകരിക്കപ്പെടുന്ന ഓരോ ബെഞ്ചിലും കമ്മീഷൻ ചെയർപേഴ്സൺ അല്ലെങ്കിൽ കമ്മീഷൻ അംഗമായ ഒരു ഫിഷറീസ് സാമൂഹിക, സാങ്കേതിക, സാമ്പത്തിക, ഭരണവിദഗ്ദ്ധൻ ഇവരിൽ ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കേണ്ടതാണ്.".

4. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

തിരുവനന്തപുരം,
2014 ജനുവരി 21.

കെ. പി. മോഹനൻ,
*അദ്ധ്യക്ഷൻ,*
*വിഷയനിർണ്ണയ സമിതി I.*

## അനുബന്ധം

## വിയോജനക്കുറിപ്പ്

നിലവിലുള്ള വ്യവസ്ഥയനുസരിച്ച് മൂന്ന് മത്സ്യത്തൊഴിലാളി പ്രതിനിധികൾ ഉൾപ്പെടുന്ന അഞ്ച് അംഗ കമ്മീഷന്റെ കോറം മൂന്ന് ആയിരിക്കുന്നതും കമ്മീഷന് ഉചിതമെന്ന് തോന്നുന്ന വിഷയത്തിൽ മത്സ്യത്തൊഴിലാളി പ്രതിനിധിയായ അംഗം ഉൾപ്പെടുന്ന ബെഞ്ച് രൂപീകരിച്ച് ജില്ലകളിൽ സിറ്റിംഗ് നടത്താവുന്നതുമാണ്. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് സെക്ഷൻ 8(4) ഒന്നിലധികം ബെഞ്ച് രൂപീകരിക്കാൻ വ്യവസ്ഥ ചെയ്യുന്നില്ല. ജില്ലകളിൽ സിറ്റിംഗ് നടത്താനായി ആവശ്യമെങ്കിൽ മൂന്നോ അതിലധികമോ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ബെഞ്ച് രൂപീകരിക്കാനാണ് നിയമം വ്യവസ്ഥ ചെയ്യുന്നത്. ഈ ഭേദഗതി ബില്ലിൽ ബെഞ്ചിലെ അംഗസംഖ്യ രണ്ടാക്കി കുറയ്ക്കാനും അതിൽ ഒന്നിലധികം അംഗങ്ങൾ മത്സ്യത്തൊഴിലാളി പ്രതിനിധികളായിരിക്കരുതെന്നും വ്യവസ്ഥ ചെയ്യുന്നു. വിരമിച്ച ഹൈക്കോടതി ജഡ്ജി ചെയർപേഴ്സൺ ആയിട്ടുള്ള കമ്മീഷനിൽ എല്ലാ അംഗങ്ങൾക്കും തുല്യ അവകാശമുള്ള നിലയ്ക്ക് മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള കമ്മീഷനിലെ ബെഞ്ചിൽ ഒന്നിലധികം മത്സ്യത്തൊഴിലാളി പ്രതിനിധികൾ ഉണ്ടാകരുതെന്നു വ്യവസ്ഥ ചെയ്യുന്നത് നിയമത്തിന്റെ സത്തയ്ക്ക് ചേർന്നതല്ല. അതുകൂടാതെ രണ്ടംഗ ബെഞ്ചിൽ അഭിപ്രായ ഐക്യം ഉണ്ടായില്ലെങ്കിൽ തീരുമാനം എടുക്കുന്നത് അസാദ്ധ്യമാകും. അതിനാൽ മൂന്നംഗ ബെഞ്ച് രൂപീകരിക്കുകയും അതിന്റെ കോറം രണ്ടായി നിശ്ചയിക്കുകയും കമ്മീഷൻ യോഗത്തിന്റെ കോറം മൂന്നായി നിലനിർത്തുകയും ചെയ്യേണ്ടതാണ്. ഒന്നിലധികം ബെഞ്ച് രൂപീകരിക്കാൻ ഭേദഗതി ബില്ലിലും വ്യവസ്ഥ ചെയ്യുന്നില്ല. ഇക്കാരണങ്ങളാൽ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ജെയിംസ് മാത്യു (ഒപ്പ്)

പി. തിലോത്തമൻ (ഒപ്പ്)

# 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ

(വിഷയനിർണ്ണയ സമിതി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിയിൽ വരച്ചതും വശത്തുവരച്ചതും വിഷയനിർണ്ണയ സമിതി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ഏപ്രിൽ 10-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 8-ാം വകുപ്പിനുള്ള ഭേദഗതി.—2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്റ്റിലെ (2008-ലെ 18) 8-ാം വകുപ്പിൽ,—

(i) (3)-ാം ഉപവകുപ്പിൽ "മൂന്ന്" എന്ന വാക്കിനു പകരം "രണ്ട്" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(ii) (4)-ാം ഉപവകുപ്പിൽ "മൂന്നോ" എന്ന വാക്കിനു പകരം "രണ്ടോ" എന്ന വാക്ക് ചേർക്കേണ്ടതാണ്;

(iii) (4)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനയ്ക്കു പകരം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, അങ്ങനെ രൂപീകരിക്കപ്പെടുന്ന ഓരോ ബെഞ്ചിലും കമ്മീഷൻ ചെയർപേഴ്സൺ അല്ലെങ്കിൽ കമ്മീഷൻ അംഗമായ ഒരു ഫിഷറീസ് സാമൂഹിക, സാങ്കേതിക, സാമ്പത്തിക, ഭരണവിദഗ്ദ്ധൻ ഇവരിൽ ആരെങ്കിലും ഒരാൾ ഉണ്ടായിരിക്കേണ്ടതാണ്.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 41) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2014 ജനുവരി 21.

പി. ഡി. ശാരംഗധരൻ,
*സെക്രട്ടറി.*